**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5832** **16-03-2023 - ൽ മറുപടിയ്ക്ക്**

**മായം കലർത്തുന്നത് സംബന്ധിച്ച പരാതി അറിയിക്കുന്നതിനുള്ള പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം വിതരണം ചെയ്യുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പോർട്ടൽ രൂപീകരണം അവസാന ഘട്ടത്തിലാണ് .<br>ടി പോർട്ടൽ ഔദ്യോഗികമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പോർട്ടലിലൂടെ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച പരാതികളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പോർട്ടൽ രൂപീകരണം അവസാന ഘട്ടത്തിലാണ് .<br>ടി പോർട്ടൽ ഔദ്യോഗികമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | നിയമപരമായ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകളെ നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കിയിട്ടുണ്ടോ; ഇത്തരം ഭക്ഷണശാലകളിൽ പരിശോധനകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിയമപരമായ അനുമതി ഇല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി കർശനമായ പരിശോധനകൾ നടന്നുവരുന്നു. പരിശോധനകളിൽ നിയമപരമായ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങൾ നിർത്തിവയ്പ്പിച്ച് ലൈസൻസ്/ രജിസ്ട്രേഷൻ എടുത്തതിനുശേഷം മാത്രമേ തുടർന്ന് പ്രവർത്തിയ്ക്കുന്നതിനുള്ള അനുമതി നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ